**പതിനാലാം കേരളനിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 6616** **21.11.2019 -ൽ മറുപടിയ്ക്ക്**

## ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.ഒ. ആർ. കേളു**<br>**ശ്രീ. സി.കൃഷ്ണൻ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പാവപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെയോ വ്യക്തികളുടെയോ സഹകരണത്തോടെ വീട് നിർമ്മിച്ച് നൽകുന്നതിന് ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) ഗൃഹശ്രീ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് 4 ലക്ഷം രൂപയാണ് നിർമ്മാണ ചെലവായി കണക്കാക്കിയിട്ടുള്ളത്.<br>എൻ.ജി.ഒ/സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തി വിഹിതം - 1,00,000/- രൂപ<br>ഗുണഭോക്തൃ വിഹിതം - 1,00,000/- രൂപ<br>സർക്കാർ സബ്സിഡി - 2,00,000/- രൂപ<br>ഗൃഹശ്രീ പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br>a. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ, സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്.<br>b. കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ) അർഹരാണ്.<br>c. കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്. |

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു തവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്നും)
3. വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസിൽ നിന്നും)
4. വസ്തുവിന്റെ പ്രമാണം സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
5. റേഷൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
6. 13 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്
7. ഭവന രഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ്
8. ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്
9. പോക്കു വരവ് ചെയ്തു ശേഷമുള്ള കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും
10. ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി
11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിനു മാത്രം)

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനായി ഇന്നോവേറ്റീവ് ഭവന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) നഗരങ്ങളിൽ പണിയെടുക്കുകയും നഗര പ്രാന്തങ്ങളിൽ താമസിക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്ന പാവപ്പെട്ട തൊഴിലാളി കുടുംബങ്ങൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്നതിനായി ഇന്നൊവേറ്റീവ് ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

(ഡി) **തിരുവനന്തപുരം (പൂജപ്പുര)**

| | |
|---|---|
| ഘട്ടം I | 16 ഫ്ലാറ്റ് |
| ഘട്ടം II | 24 ഫ്ലാറ്റ് |
| ഘട്ടം III | 24 ഫ്ലാറ്റ് |

| | |
|---|---|
| ഘട്ടം IV | 24 ഫ്ലാറ്റ് |
| ആകെ | 88 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

**തൃശ്ശൂർ (കട്ടനെല്ലൂർ)**

| | |
|---|---|
| ഘട്ടം I | 24 ഫ്ലാറ്റ് |
| ഘട്ടം II | 24 ഫ്ലാറ്റ് |
| ഘട്ടം III | 24 ഫ്ലാറ്റ് |
| ആകെ | 72 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

**കോഴിക്കോട്**

| | |
|---|---|
| ഘട്ടം I | 24 ഫ്ലാറ്റ് |
| ഘട്ടം II | 16 ഫ്ലാറ്റ് |
| ആകെ | 40 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു |

**എറണാകുളം (തൃക്കാക്കര)**

36 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു

**ആകെ: 236 ഫ്ലാറ്റുകൾ പൂർത്തീകരിച്ചു.**

Sobha S.

**സെക്ഷൻ ഓഫീസർ**